INTUC    ITUC CSI IGB    ILO    UNITED NATIONS



INTERNATIONAL LABOUR ORGANISATION



R. CHANDRASEKHARAN



UNITED NATIONS

# 2017

## ശ്രീ. ആർ. ചന്ദ്രശേഖരൻ വീണ്ടും ILO ഭരണസമിതിയിൽ

- 2017 ജൂൺ 5 മുതൽ 17 വരെ ILO 106 -ാം അന്താരാഷ്ട്ര സമ്മേളനം ജനീവയിൽ.
- ILO അംഗ രാജ്യങ്ങൾ - 187.
- ജൂൺ 12 ന് ILO ഭരണസമിതി തിരഞ്ഞെടുപ്പ്.
- അംഗരാജ്യങ്ങളിലെ ആകെ വോട്ട് - 128.
- ശ്രീ. ആർ. ചന്ദ്രശേഖരന് ലഭിച്ച വോട്ട് - 99. (4/5 ഭൂരിപക്ഷം)
- ILO ഭരണസമിതി :-
  - അംഗരാജ്യഭരണസമിതി അംഗങ്ങൾ - 28
  - തൊഴിലുടമ ഭരണസമിതി അംഗങ്ങൾ - 14
  - തൊഴിലാളി ഭരണസമിതി അംഗങ്ങൾ - 14

**ആകെ ഭരണസമിതി അംഗങ്ങൾ - 56**

### 12.06.2017 ന് ജനീവയിൽ തിരഞ്ഞെടുക്കപ്പെട്ട ILO തൊഴിലാളി ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| 1 | MR. R. CHANDRASEKHARAN | INDIA |
| 2 | MS. G. KEARNEY | AUSTRALIA |
| 3 | MR. K. ROSS | UNITED STATES |
| 4 | MR. B. THIBAULT | FRANCE |
| 5 | MR. G. JIANG | CHINA |
| 6 | MS. A. GONO | JAPAN |
| 7 | MS. M.F.C. FRANCISCO | ANGOLA |
| 8 | MR. L. CORTEBEECK | BELGIUM |
| 9 | MS. M. CLARKE WALKER | CANADA |
| 10 | MS. S. CAPPUCCIO | ITALY |
| 11 | MR. F. ATWOLI | KENYA |
| 12 | MR. G. MARTINEZ | ARGENTINA |
| 13 | MS. C. PASSCHIER | NETHERLANDS |
| 14 | MR. A. WABBA | NIGERIA |

- ലോകത്താകമാനമുള്ള 315 കോടി തൊഴിലാളികളുടെ വിഷയങ്ങൾ അന്താരാഷ്ട്ര വേദിയിൽ ഉന്നയിക്കാനും, വാദിക്കാനും, തീരുമാനിക്കാനും അധികാരമുള്ള 14 പേരിൽ ഒരാൾ - **ശ്രീ. ആർ. ചന്ദ്രശേഖരൻ.**
- ദേശീയ - അന്തർ ദേശീയ തലങ്ങളിൽ നിന്നും ഐ.എൻ.റ്റി.യു.സി.യെ ഒഴിവാക്കി 2017 ജനുവരി 4 ന് മോഡി സർക്കാർ രാഷ്ട്രീയ വൈര്യത്തിന്റെ പേരിൽ ഉത്തരവിറക്കിയതിന് പിന്നാലെ പരസ്യവെല്ലുവിളി ഉയർത്തി അന്തർദേശീയ രംഗത്ത് **ശ്രീ. ആർ. ചന്ദ്രശേഖരൻ** രണ്ടാം പ്രാവശ്യവും ILO ഗവേണിംഗ് ബോഡി അംഗമായി നേടിയ ഉജ്ജ്വലവിജയം സമാനതകൾ ഇല്ലാത്തതാണ്.
- ഇറ്റലി ആസ്ഥാനമായുള്ള ILO ട്രൈനിംഗ് സെന്ററിന്റെ ഭരണസമിതി അംഗമായി രണ്ടാം പ്രാവശ്യവും **ശ്രീ. ആർ. ചന്ദ്രശേഖരൻ** തിരഞ്ഞെടുക്കപ്പെട്ടു.
- 40 വർഷത്തെ നിരന്തര തൊഴിലാളി പ്രവർത്തനത്തിനുള്ള അംഗീകാരം.

## ILO ചരിത്ര താളുകളിലൂടെ

- 1914 ജൂലൈ 28 മുതൽ 4 ½ വർഷം - ഒന്നാം ലോകമഹായുദ്ധം.
- രണ്ടു കോടി തൊഴിലാളികളും ജനങ്ങളും കൊല്ലപ്പെട്ടു.
- മറ്റൊരു രണ്ടുകോടി മൃതതുല്യരായി.
- യുദ്ധം സമസ്ത തൊഴിലാളികളെയും പട്ടിണിയിലാക്കി.
- ലോകസമാധാനത്തിനായി ശബ്ദമുയർന്നു.
- 1919 ഫെബ്രുവരി 25 ന് ലീഗ് ഓഫ് നേഷൻസ് രൂപീകരിക്കപ്പെട്ടു.
- 1919 ഏപ്രിൽ 11 ന് ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ (ILO) രൂപീകൃതമായി. ഇന്ത്യ സ്ഥാപക അംഗം.
- 1919 ജൂൺ 28 ലോകരാജ്യങ്ങൾ പാരീസിൽ വാഴ്സാ ഉടമ്പടി ഒപ്പു വച്ചു.
- ഈ ഉടമ്പടിയിൽ ലീഗ് ഓഫ് നേഷൻസും, ILO യും അംഗീകരിക്കപ്പെട്ടു.
- 1939 സെപ്റ്റംബർ 1 മുതൽ 6 വർഷം രണ്ടാംലോകമഹായുദ്ധം.
- 8 കോടി തൊഴിലാളികളും ജനങ്ങളും കൊല്ലപ്പെട്ടു.
- കോടിക്കണക്കായ തൊഴിലാളികളും, സാധാരണ ജനങ്ങളും വീണ്ടും രോഗാദുരരും, വികലാംഗരുമായി.
- ഭൂമിയിൽ ആദ്യമായി ഈ യുദ്ധത്തിൽ അണുബോംബ് സംഹാര താണ്ഡവമാടി.
- ലോകസമാധനത്തിന് മുറവിളി വീണ്ടും ശക്തമായി.
- ലീഗ് ഓഫ് നേഷൻസും, ILO യും ശക്തമമാക്കാൻ തീരുമാനം.
- 1945 ഒക്ടോബർ 24 - ലീഗ് ഓഫ് നേഷൻസ് ഐക്യരാഷ്ട്രസഭയായി മാറി.
- ILO ഐക്യരാഷ്ട്രസഭയുടെ ഭാഗമായി.

- സംഘടിത - അസംഘടിത മേഖലയിലെ തൊഴിൽ അവസരം, തൊഴിലാളി ക്ഷേമം ILO യുടെ ലക്ഷ്യം.
- പഠനം-ഗവേഷണം-വിലയിരുത്തൽ-നിയമനിർദ്ദേശങ്ങൾ ILO യുടെ പ്രവർത്തനങ്ങൾ.
- ILO ഗവേണിംഗ് ബോഡി അംഗമായി 2014 മുതൽ 2021 വരെയുള്ള 7 വർഷത്തെ സുസ്ത്യർഹമായ സേവനത്തിന് ശേഷം 2021 ൽ അദ്ദേഹം തൽസ്ഥാനത്ത് നിന്ന് സ്വയം ഒഴിവായി. ഈ 7 വർഷക്കാലയളവിൽ നിരവധി തൊഴിലാളി വിഷയങ്ങൾ ILO യിൽ ഉന്നയിക്കുവാനും, തീരുമാനമെടുപ്പിക്കുവാനും ഇദ്ദേഹത്തിന് സാധിച്ചു. ഇതിന്റെ ഫലമായിട്ടാണ് 2016 ൽ ചുമട്ടു തൊഴിലാളികൾ ചുമക്കുന്ന ഭാരം 55 കിലോ ആയി നിജപ്പെടുത്തി കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ഇത് ഒരു ഉദാഹരണം മാത്രം.

*************

കേരള സർക്കാർ

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഐ.എൽ.ഒ. കൺവെൻഷൻ തീരുമാനത്തിന് അനുസൃതമായി ചുമട്ടുതൊഴിലാളികൾ ചുമക്കാവുന്ന പരമാവധി ഭാരം 55 കിലോ ആയി നിജപ്പെടുത്തുവാനുള്ള നടപടികൾ എടുക്കുന്നതിന് കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം. 881/2016/തൊഴിൽ തിരുവനന്തപുരം, തീയതി, 14/07/2016.

---

**<u>ഉത്തരവ്</u>**

1983 ലെ കേരള ചുമട്ടുതൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിൽ, ഐ.എൽ.ഒ. കൺവെൻഷൻ തീരുമാനത്തിന് അനുസൃതമായി. ചുമട്ടുതൊഴിലാളികൾ ചുമക്കാവുന്ന പരമാവധി ഭാരം 55 കിലോഗ്രാം ആയി നിജപ്പെടുത്തുവാനുള്ള നടപടികൾ എടുക്കുന്നതിന് ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സി.എൽ. വിജയകുമാർ**
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം.
ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് - (E-No. 96054/H&L-A2/15/Fin)
നിയമ വകുപ്പ്- (No. 22285/Leg.C.2/14/നിയമം)
സംരക്ഷണ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ